## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - ബയോകെമിസ്ട്രി വിഭാഗം - പൊതു സ്ഥലംമാറ്റം - 2015 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ :- എ1/3266/2015/കോ.വി.വ തിരുവനന്തപുരം തീയതി : 20/05/2015

പരാമർശം-

1. ഈ ഓഫീസിലെ 09/12/2014-തീയതിയിലെ ബി2/45492/2014/കോ.വി.വ നമ്പർ സർക്കുലർ.
2. ജി.ഒ. (എം.എസ്) നമ്പർ 27/1994/ഉ.വി.വ തീയതി 21/02/1994.
3. ജി.ഒ. (എം.എസ്) നമ്പർ 114/2004/ഉ.വി.വ തീയതി 01/09/2004
4. ജി.ഒ. (പി) നമ്പർ 01/2005/ഉ.വി.വ തീയതി 04/01/2005
5. ജി.ഒ. (പി) നമ്പർ 06/2007/പി & എ.ആർ.ഡി. തീയതി 04/12/2007
6. 15/05/2015-ലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റപ്പട്ടിക

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ബയോകെമിസ്ട്രി വിഭാഗം അദ്ധ്യാപകരുടെ 2015-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള കരടു പട്ടിക സൂചന (6) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിൻമേൽ പരാതിയുണ്ടെങ്കിൽ ആയത് 15/05/2015 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെങ്കിലും പരാതികളൊന്നും ലഭിച്ചിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ കാണുന്ന പ്രകാരം ബയോകെമിസ്ട്രി വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് **01/06/2015** പ്രാബല്യത്തോടെ സ്ഥലംമാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.അനുപമ.എസ്.എസ്<br>ഗവൺമെന്റ് കോളേജ്,<br>കാര്യവട്ടം<br>(അപേക്ഷ) | തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ശ്രീമതി.മായ മാധവന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 2. | ശ്രീമതി.മായ മാധവൻ<br>സർക്കാർ വനിതാ കോളേജ്<br>തിരുവനന്തപുരം<br>(അപേക്ഷ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ശ്രീമതി.രാധിക.എയ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 3. | ശ്രീമതി.രാധിക.എ,<br>യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം<br>(അപേക്ഷ) | കാര്യവട്ടം ഗവൺമെന്റ് കോളേജിൽ ശ്രീമതി.അനുപമ.എസ്.എസ്-ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ |

സ്ഥലംമാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപകർ, സ്ഥലംമാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

എന്നാൽ അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർക്ക് 'ജോയിനിംഗ് ടൈമിന്' അർഹത ഉണ്ടായിരിക്കുന്നതല്ല.

**സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.**

ഒപ്പ്/-

എം. നന്ദകുമാർ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

**പകർപ്പ്:-**

1. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ / അദ്ധ്യാപകർ
3. പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ, കേരള, കോട്ടയം (ആമുഖ കത്ത് സഹിതം)
5. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി. എ. -മാർക്ക്
7. എ / ബി സെക്ഷൻ സൂപ്രണ്ട്മാർക്ക്
8. നടപ്പ് ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ //



സൂപ്രണ്ട്

മഞ്ജു 22/5/15